നമ്പർ: 40352/2019/UoK  തീയതി : 26.11.2019

## ക്വട്ടേഷൻ നോട്ടീസ്

കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലുള്ള ഒ.ൻ.വി. മെമ്മോറിയൽ സ്കൂൾ കെട്ടിടത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ശ്രീ. ഒ.ൻ.വി കുറുപ്പിന്റെ പോർട്രെയിറ്റ് റിലീഫ്, ഫലകം എന്നിവ നിർമ്മിച്ച് സ്ഥാപിക്കുന്നതിന് പ്രസ്തുത ജോലികളിൽ പ്രവൃത്തി പരിചയമുള്ള ശില്പികളിൽ നിന്നും/ സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

പ്രവൃത്തിയുടെ വിശദാംശം:

1. പോർട്രെയിറ്റ് റിലീഫിന് 4 അടി വ്യാസം ഉണ്ടായിരിക്കണം. ആയത് ഫൈബർ ഗ്ലാസ് കാസ്റ്റിംഗ്, മോഡലിംഗ്, കളറിംഗ് എന്നിവയുൾപ്പെടെ പൂർത്തീകരിച്ച് നിർദ്ദിഷ്ട സ്ഥാനത്ത് ഉറപ്പിക്കേണ്ടതാണ്. ടി. ജോലിക്ക് വേണ്ട മൊത്തം ചെലവ് ക്വാട്ട് ചെയ്യേണ്ടതാണ്.

2. ശ്രീ. ഒ.ൻ.വി കുറുപ്പിനെ കുറിച്ച് സർവകലാശാല തയ്യാറാക്കി നൽകുന്ന ഹ്രസ്വ വിവരണം ബ്രാസ് പ്ലേറ്റിൽ ( 4 അടി x 6 അടി ) എൻഗ്രേവ് ചെയ്ത് തയ്യാറാക്കി നിശ്ചിത സ്ഥാനത്ത് ഉറപ്പിക്കേണ്ടതാണ്. പ്രസ്തുത ജോലിക്ക് 24 ചതുരശ്ര അടിക്ക് വേണ്ടി വരുന്ന തുക ക്വാട്ട് ചെയ്യേണ്ടതാണ് .

ക്വട്ടേഷനുകളോടൊപ്പം പ്രവൃത്തി പരിചയം തെളിയിക്കുന്നതിനുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അടക്കം ചെയ്യേണ്ടതാണ്.

ക്വട്ടേഷനുകൾ 2019 നവംബർ മാസം 30-ാം തീയതി രാവിലെ 11.00 മണിയ്ക്ക് മുൻപ് ലഭിക്കത്തക്ക വിധത്തിൽ രജിസ്ട്രാർ, കേരള സർവകലാശാല, തിരുവനന്തപുരം എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 11.30 ന് രജിസ്ട്രാറുടെ ഓഫീസിൽ വച്ച് തുറക്കുന്നതാണ്.

ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് അനുമതിക്ക് വിധേയമായി കരാർ ഉറപ്പിച്ച് നൽകുന്നതാണ്. ടി. ജോലി 15 ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിച്ചു നൽകേണ്ടതാണ്. ഈ ജോലി ഏറ്റെടുക്കുന്ന വ്യക്തി/ സ്ഥാപനം സർവകലാശാലയുമായി നിശ്ചിത തുകയ്ക്കുള്ള മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. കരാർ തുകയുടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഫിനാൻസ് ഓഫീസർ, കേരള സർവകലാശാല എന്ന പേരിൽ ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും ഡിമാൻഡ് ഡ്രാഫ്റ്റ് ആയി എടുത്ത് എഗ്രിമെന്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഏതൊരു ക്വട്ടേഷനും കാരണം കാണിക്കാതെ നിരസിക്കുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

ഒപ്പ്
രജിസ്ട്രാർ